"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. എ. രാജേഷിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2334/2020/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 17/12/2020

---

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 31.11.2017-ലെ സിടിപി വിജി./678/2017 നമ്പർ റിപ്പോർട്ട്

2 സർക്കാരിന്റെ 07.05.2018-ലെ ഇപിബി3/103/2018/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. എ. രാജേഷ് സമർപ്പിച്ച 16.08.2018-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 17.03.2019-ലെ PAN/20172/2018-D1(DP) നമ്പർ കത്ത്

5 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 05.08.2020-ലെ 1261/2019 & സിടിപിവിജി. 378/2020 നമ്പർ റിപ്പോർട്ട്

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ റീ-സർവ്വേ നമ്പർ 45/1-ൽ ഉൾപ്പെട്ട രണ്ട് നിലകളുള്ള വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുകയും തുടർന്ന് ടി കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് നിരസിക്കുകയും ചെയ്തു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം ( 1 ) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണത്തിൽ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ റീ-സർവ്വേ നമ്പർ 45/1 -ൽ ഉൾപ്പെട്ട അനധികൃത കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതായി കണ്ടെത്തുകയും, ടി നിർമ്മാണത്തിൽ കെ.പി.ബി.ആർ ചട്ടം 23(1), 27(3) എന്നിവയുടെ ലംഘനമുണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയാണ് എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ. രാജേഷിനെതിരെ പരാമർശം (2) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. എ. രാജേഷ് പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 23(1), 27(3) എന്നിവയുടെ ചട്ട ലംഘനങ്ങൾ ആണ് കുറ്റാരോപണ മെമ്മോയിൽ ആരോപിച്ചിരിക്കുന്നത്. ശ്രീ. എ. രാജേഷിന്റെ എതിർവാദ പത്രികയിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും, ഹാജാരാക്കിയ രേഖകളുടെ അടിസ്ഥാനത്തിലും ചട്ടം 23(1) പാലിച്ചിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്നു. കുറ്റാരോപണ പത്രിക പ്രകാരം കെപിബിആർ 27(3) ന്റെ ലംഘനം ആരോപിക്കുകയും ചട്ടലംഘനം നിലനിൽക്കുന്നതായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും ചെയിതിട്ടുണ്ട്. കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷയിന്മേൽ സാങ്കതിക വിഭാഗം ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ടിൽ മുൻ ഭാഗത്തു യഥാക്രമം 3.60, 3.85, 5 മീറ്റർ എന്നിങ്ങനെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ഇതിൽ നിന്നും

പരിശോധന റിപ്പോർട്ടിൽ ചട്ടം 27(3) ന്റെ ലംഘനം പരിശോധന ഉദ്യോഗസ്ഥൻ ചൂണ്ടിക്കാണിച്ചിരുന്നില്ലെന്ന വ്യക്തമാണെന്നും ഇങ്ങനെ സെക്രട്ടറിയെ തെറ്റിദ്ധരിപ്പിച്ചത് പരിശോധന ഉദ്യോഗസ്ഥനായ സാങ്കതിക വിഭാഗം ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണെന്നും ചട്ടം 27(3) -ന്റെ ലംഘനം ചൂണ്ടിക്കാണിക്കപ്പെടാത്തതിനാലാണ് ചട്ടം 23 (1) പാലിക്കപ്പെടാതിരുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ഈ വിഷയത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ അഭിപ്രായം ആരായുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ( 5 ) പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ വ്യക്തമായ പ്ലാനുകളുടെയും ശുപാർശയുടെയും അഭാവത്തിലാണെങ്കിലും ചട്ടവിരുദ്ധമായി നിർമ്മാണാനുമതി നൽകിയ സെക്രട്ടറിക്ക് ആയതിൽ ഉത്തരവാദിത്തമുണ്ടെന്നും ആയതിനാൽ മേലിൽ ഇത്തരം നടപടികൾ അവർത്തിക്കാതിരിക്കുന്നതിനു സെക്രട്ടറിയെ താക്കീത് നൽകിക്കൊണ്ട് ടിയാന്റെ പേരിലുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യക്തമായ പ്ലാനുകളുടെയും ശുപാർശയുടെയും അഭാവത്തിലാണെങ്കിലും ചട്ടവിരുദ്ധമായി നിർമ്മാണാനുമതി നൽകിയ സെക്രട്ടറിക്ക് ആയതിൽ ഉത്തരവാദിത്തമുണ്ട് എന്ന് കണ്ടതിനാൽ മേലിൽ ഇത്തരം നടപടികൾ അവർത്തിക്കാതിരിക്കുന്നതിനു, ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ റീ-സർവ്വേ നമ്പർ 45/1 ലുൾപ്പെട്ട അനധികൃത നിർമ്മാണത്തിന് അനുമതി നല്കിയ സെക്രട്ടറി ശ്രീ. എ. രാജേഷിനെതിരെയുള്ള അച്ചടക്ക നടപടി "സെൻഷർ" നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. എ. രാജേഷ്, മുൻ സെക്രട്ടറി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) , തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/103/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.12.18 11:38:33 IST
Reason: Approved

സെക്ഷൻ ഓഫീസർ